**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** **20-06-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഇ.എം.എസ്. സ്റ്റേഡിയം (കിഫ്ബി), പഞ്ചായത്ത് കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ അമ്പലപ്പുഴ ഗവ. എച്ച്.എസ്. സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | ആലപ്പുഴ ഇ. എം. എസ് സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി 14.14 കോടി രൂപയ്ക്ക് 15.05.2017 തീയതിയിലെ G.O(Rt)No.95/2017/S&YA പ്രകാരം ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് 8.62 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ സിന്തറ്റിക് ട്രാക്ക് ഒഴികെ നാച്ചറൽ ഫുഡ്ബോൾ ഗ്രൗണ്ട്, ലാന്റ് ഡെവലപ്പ്മെന്റ് പ്രവൃത്തികൾ, ചെയിൻലിങ്ക്, ഫെൻസിംഗ്, ഓപ്പൺ വെൽ, വാട്ടർ സപ്ലൈ & സാനിറ്ററി പ്രവൃത്തികൾ, സമ്പ് & പമ്പ് റൂം, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങൾക്ക് M/s കിറ്റ്കോ ടെണ്ടർ ചെയ്യുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. ടി പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തിയായ സിന്തറ്റിക് ട്രാക്കിന് M/s.കിറ്റ്കോ ടെൻഡർ ക്ഷണിക്കുകയും ലഭിച്ച ടെൻഡറിന്റെ പകർപ്പ് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 20.01.2024, 06.03.2024 എന്നീ തീയതികളിൽ കൂടിയ ടെൻഡർ അക്സപ്റ്റൻസ് കമ്മറ്റിയിൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ഡോക്യുമെന്റുകളുടെ ഒറിജിനൽ സൂക്ഷ്മ പരിശോധനയ്ക്കായി സമർപ്പിക്കുവാൻ കായിക വകുപ്പ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ L1 (ഏറ്റവും കുറഞ്ഞ) നിരക്ക് സമർപ്പിച്ച ബിഡ്ഡറിന്റെ ഒറിജിനൽ ടെൻഡർ ഡോക്യുമെൻറ്സും ശേഷിക്കുന്ന ബിഡ്ഡറുകളുടെ ടെൻഡർ ഡോക്യുമെന്റുകളുടെ പകർപ്പുമാണ് M/s. കിറ്റ്കോ സമർപ്പിച്ചത്. ലഭിച്ച പകർപ്പുകൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സൂക്ഷ്മ പരിശോധന നടത്തുകയും, ആയത് സംബന്ധിച്ച് സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്മേൽ കായികയുവജനകാര്യ ഡയറക്ടറുടെ വ്യക്തമായ |

| | | | |
|---|---|---|---|
| | | | അഭിപ്രായം തേടിയിട്ടുള്ളതുമാണ്. കൂടാതെ 20.05.2024 ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിളിച്ചു ചേർത്ത മീറ്റിംഗിൽ പ്രസ്തുത പദ്ധതി റീ ടെൻഡർ ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിയുടെ 34ശതമാനത്തോളം പ്രവൃത്തികളുടെ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്.<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഗവ. മോഡൽ എച്ച്. എസ്. എസ്. ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ 50ശതമാനം തുകയായ 50 ലക്ഷം രൂപയ്ക്ക് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 50% പ്ലാൻ വിഹിതത്തിൽ നിന്നുള്ള 50 ലക്ഷം രൂപയും ചേർത്ത് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂർ (SOP) പ്രകാരം 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതിയും കായികയുവജനകാര്യ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. തുടർന്ന് 12.03.2024-ൽ സാങ്കേതികാനുമതി നല്കുകയും, 15.03.2024, 30.04.2024 എന്നീ തീയതികളിലായി 2 തവണ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. രണ്ടാമത് ക്ഷണിച്ച ദർഘാസ് കാലാവധി നീട്ടി നൽകിയിട്ടും ദർഘാസ് ലഭ്യമായില്ല. വീണ്ടും റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ ആലപ്പുഴ മെഡിക്കൽ കോളേജ് ഗ്രൗണ്ട് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ ഏത് ഏജൻസിയാണ് ഡി.പി.ആർ. തയ്യാറാക്കിയതെന്നും എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ റ്റി ഡി മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 10.01.2024 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.8/2024/കായുവ പ്രകാരം 6 കോടി രൂപയ്ക്കുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കുകയും, നിലവിൽ പ്രസ്തുത പദ്ധതിയുടെ ഡി പി ആർ തയ്യാറാക്കി വരികയുമാണ്. |

സെക്ഷൻ ഓഫീസർ